<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1395</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കില എസ്.പി.വി.യായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്. സ്കൂൾ, കഞ്ചിക്കോട് ജി.സി.എച്ച്.എസ്. സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പിന്നീട് പുതുക്കിയ നിരക്ക് പ്രകാരം 3.90 കോടി രൂപയായി ഭരണാനുമതി പുതുക്കി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്കൂളിന്റെ DPR തയ്യാറാക്കി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ തന്നെ ആരംഭിക്കുന്നതാണ് .<br><br>പുതിപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ് സ്കൂളിന് 1 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ നിരക്ക് പ്രകാരം 1 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾക്ക് 1.30 കോടി രൂപ വരെ അനുവദനീയമാണ്. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സ്കൂളിന്റെ നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പിന്നീട് പുതുക്കിയ നിരക്ക് പ്രകാരം 3.90 കോടി രൂപയായി ഭരണാനുമതി പുതുക്കി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്കൂളിന്റെ DPR തയ്യാറാക്കി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ തന്നെ ആരംഭിക്കുന്നതാണ് . |

| | | | |
|---|---|---|---|
| | | | പുതിപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ് സ്കൂളിന് 1 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ നിരക്ക് പ്രകാരം 1 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾക്ക് 1.30 കോടി രൂപ വരെ അനുവദനീയമാണ്. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സ്കൂളിന്റെ നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ